മെട്രോ വാർത്ത

31 January 2017

# ആഴക്കടലിന്റെ വിസ്മയങ്ങൾ പൊതുജനങ്ങൾക്ക് പകർന്നു നൽകാനൊരുങ്ങി സിഎംഎഫ്ആർഐ

കൊച്ചി: ആഴക്കടലിന്റെ വിസ്മയങ്ങൾ അനാവരണം ചെയ്യുന്ന ശാസ്ത്ര- ഗവേഷണ പഠനങ്ങൾ ഇനി പൊതുജനങ്ങൾക്കും അറിയാം. സമുദ്ര മത്സ്യ മേഖലയിൽ രാജ്യത്തെ ഏറ്റവും വലിയ ഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐ ആണ് കടലറിവിന്റെ വാതിലുകൾ തുറന്നിടുന്നത്. 70ാമത് സ്ഥാപക ദിനം ആഘോഷിക്കുന്ന ഫെബ്രുവരി മൂന്നിനാണ് സിഎംഎഫ്ആർഐ പൊതുജനങ്ങൾക്കായി സ്ഥാപനത്തിന്റെ വാതിലകുൾ തുറന്നിടുന്നത്.



*കൊച്ചിയിലെ സിഎംഎഫ്ആർഐ സ്ഥാപനം*

ആയിരത്തോളം മത്സ്യയിനങ്ങളും സമുദ്ര ജൈവവൈവിധ്യങ്ങളും അടങ്ങുന്ന നാഷണൽ മറൈൻ ബയോ ഡൈവേഴ്സിറ്റി മ്യൂസിയമാണ് പ്രധാന ആകർഷണം. ഏറ്റവും വലിയ മത്സ്യമായ തിമിംഗലം, സ്രാവ്, ഡോൾഫിൻ, കടൽ പശു, സൺ ഫിഷ്, വിഷമത്സ്യങ്ങൾ, പെൻഗ്വിൻ, കടൽ പാമ്പുകൾ, നക്ഷത്ര മത്സ്യങ്ങൾ, കടൽകുതിര, വിവിധയിനം ശംഖുകൾ തുടങ്ങി കടലിലെ വൈവിധ്യമായ സസ്യ- ജന്തുജാലങ്ങളുടെ ശേഖരം സിഎംഎഫ്ആർഐയിലെ മ്യൂസിയത്തിലുണ്ട്.

കൂടാതെ സമുദ്ര അലങ്കാരമത്സ്യങ്ങളുടെ അക്വേറിയം, ഹാച്ചറി, സാങ്കേതികവിദ്യകളുടെ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ആറ്റിക്, വിവിധയിനം ലബോറട്ടറികൾ തുടങ്ങിയവയും സന്ദർശകർക്കായി തുറന്നിടും. കടൽജീവികളിൽ നിന്നുള്ള ഔഷധ നിർമാണം, മത്സ്യങ്ങളുടെ വയസ് നിർണയിക്കുന്ന പരീക്ഷണങ്ങൾ എന്നിവ നടക്കുന്ന ലാബുകളും സന്ദർശിച്ച് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും അറിവ് നേടാനുള്ള അവസരമുണ്ടാകും.

സംശയനിവാരണം നടത്തുന്നതിനും സമുദ്ര, മത്സ്യ മേഖലയുമായി ബന്ധപ്പെട്ട അറിവുകൾ നേടുന്നതിനുംശാസത്രജ്ഞരുമായി പൊതുജനങ്ങൾക്കു സംവദിക്കാനുള്ള അവസരവും വെള്ളിയാഴ്ച ഒരുക്കുന്ന പരിപാടിയിലുണ്ടാകും. പ്രവേശനം സൗജന്യമാണ്. വെള്ളിയാഴ്ച രാവിലെ പത്ത് മുതൽ നാലുവരെയാണ് സന്ദർശന സമയം. സപ്തതി ദിനാഘോഷത്തോടനുബന്ധിച്ച് ഒരുവർഷം നീണ്ടുനിൽക്കുന്ന വിപുലമായ ആഘോഷപരിപാടികളുടെ ഉദ്ഘാടനം ഫെബ്രുവരി 18ന് ഗവർണർ ജസ്റ്റിസ് പി. സദാശിവം നിർവഹിക്കും.